തിരുവനന്തപുരം ജില്ലയിൽ കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷകർ

333 [1267] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ കടബാധ്യതമൂലം എത്ര കർഷകർ കേരളത്തിൽ ആത്മഹത്യ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അപ്രകാരം ആത്മഹത്യ ചെയ്തവർ ആരെല്ലാം; അവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ സർക്കാർ നൽകി; വിശദമാക്കാമോ;

(സി) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ആത്മഹത്യ ചെയ്ത, തിരുവല്ലം കൃഷിഭവന്റെ പ്രവർത്തന പരിധിയിൽ വരുന്ന, സത്യൻ എന്ന കർഷകന്റെ കുടുംബത്തിനുവേണ്ടി എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 2001 മുതൽ 2004 ആഗസ്റ്റ് വരെ കാർഷിക വായ്പയെ തുടർന്നുള്ള കടക്കെണിമൂലം സംസ്ഥാനത്ത് 213 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി) തിരുവനന്തപുരം ജില്ലയിൽ 2004 ആഗസ്റ്റ് വരെ 3 കൃഷിക്കാർ ആണ് ആത്മഹത്യ ചെയ്തത്. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

(1) എസ്. സത്യൻ, പാപ്പൻ ചണിയിൽ, തിരുവല്ലം.
(2) ജെ. വസന്ത, എസ്. പി. നിവാസ്, ബാലരാമപുരം.
(3) സി. സോമൻ, പുത്തൻ വീട്, വാവ്വാമൂല, നെല്ലിവിള.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഇവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ ആത്മഹത്യ ചെയ്ത ശ്രീ. സത്യന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 50,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly